പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1827        10.02.2020 -ലെ മറുപടിക്ക്

## രാത്രി കാലങ്ങളിൽ RCC-മെഡിക്കൽ കോളേജ് റോഡിലൂടെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ നിന്നും വിവിധയിടങ്ങളിലേക്ക് പോയി മടങ്ങി തലസ്ഥാനത്തെത്തുന്നതും രാത്രി കാലങ്ങളിൽ തമ്പാനൂർ ബസ് സ്റ്റാന്റിൽ നിന്ന് വിവിധയിടങ്ങളിലേക്ക് പുറപ്പെടുന്നതുമായ കെ.എസ്. ആർ.ടി.സി. ബസ്സുകളുടെ യാത്ര നിർബന്ധമായും ഏറ്റവും അധികം രോഗികൾ ചികിത്സക്കായെത്തുന്ന ആർ. സി.സി.-മെഡിക്കൽ കോളേജ് റോഡുവഴി മാത്രമേ പാടുള്ളു എന്ന് നിഷ്കർഷിക്കുമോ; ഇതു മൂലം കെ.എസ.ആർ.ടി.സി.ക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാമോ; എങ്കിൽ എപ്രകാരമെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും | രാത്രികാലങ്ങളിൽ തിരുവനന്തപുരത്തേയ്ക്ക് വരുന്നതും, വിവിധ സ്ഥലങ്ങളിലേയ്ക്ക് തിരുവനന്തപുരത്ത് നിന്നും പുറപ്പെടുന്നതുമായ എല്ലാ ബസ്സുകളും നിർബന്ധമായും ആർ.സി.സി- മെഡിക്കൽ കോളേജ് റോഡ് വഴി ക്രമീകരിക്കണമെന്ന നിർദ്ദേശം പ്രായോഗികമല്ല. വിവിധ ഭാഗങ്ങളിൽ നിന്ന് തിരുവനന്തപുരത്തേയ്ക്ക് (മെഡിക്കൽ കോളേജ് ഭാഗത്തേയ്ക്ക് അല്ലാത്ത) ധാരാളം യാത്രക്കാർ ഉള്ള ബസ്സുകളും തിരുവനന്തപുരത്ത് നിന്നും പുറപ്പെടുന്ന ദീർഘദൂര ബസ്സുകളും മെഡിക്കൽ കോളേജ് വഴി ക്രമീകരിക്കുന്നത് മറ്റ് യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുമെന്ന് കരുതുന്നില്ല. കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാന നഷ്ടവും, പൊതുജനങ്ങൾക്ക് കൂടുതൽ സമയനഷ്ടവും ഉണ്ടാകുമെന്നതിനാൽ പ്രസ്തുത നിർദ്ദേശം പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. |
| (ബി) | ഇക്കാര്യം നിർബന്ധമായും പരിശോധിച്ച് നടപ്പിൽ വരുത്തുമോ; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**